പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2525 **28-10-2026-ൽ മറുപടിയ്ക്ക്**

ഉന്നതികളുടെ വികസനവും തളിപ്പറമ്പിലെ നിലവിലെ സ്ഥിതിയും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ	ശ്രീമതി കെ. എ. തുളസി (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ/ഉന്നതികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഉന്നതി പദ്ധതിയുടെ ഭാഗമായ പല പ്രദേശങ്ങളിലും ഉന്നതികളിലേക്കും അതിനുള്ളിലേക്കും ആവശ്യത്തിന് റോഡ് സൗകര്യങ്ങളില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ/ ഉന്നതികളുടെ സമഗ്ര വികസനത്തിനായി **"ഉന്നതി പദ്ധതി"** എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നില്ല. ഒറ്റപ്പെട്ട ഉന്നതികളിലും, ഉൾപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഉന്നതികളിലും റോഡുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പട്ടികജാതി ഉന്നതികളിൽ ഗതാഗതസൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് മുഖേന അംബേദ്കർ ഗ്രാമവികസന പദ്ധതി, പഞ്ചമി ഗ്രാമം പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട്, പഞ്ചായത്ത് തലത്തിൽ എസ്.സി.പി ഫണ്ട് എന്നിവ വിനിയോഗിച്ചും ഉന്നതികളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗ ഉന്നതികളുടെ സമഗ്രവികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയും, വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) എങ്കിൽ ഇത്തരം ഉന്നതികളിൽ ഗതാഗത സൗകര്യവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചു വരുന്നത്;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര ഉന്നതികളാണ് അംഗീകാരത്തോടെ പ്രവർത്തിക്കുന്നത്; ഇവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

മറുപടി: തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ചപ്പാരക്കടവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 പട്ടികവർഗ്ഗ ഉന്നതികളും 4 ഊരുകൂട്ടങ്ങളുമുണ്ട്. ഈ ഉന്നതികളുടെ സമഗ്രവികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ടി

ഉന്നതികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഉന്നതികളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.

തളിപ്പറമ്പ് മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

ഈ സർക്കാർ നിലവിൽ വന്ന ശേഷം ആരംഭിച്ച പഞ്ചമി ഗ്രാമം പദ്ധതിയിലൂടെ എല്ലാ നിയോജക മണ്ഡലത്തിലെയും 3 മുതൽ 15 വരെ കുടുംബങ്ങളുള്ള പരമാവധി രണ്ട് പട്ടികജാതി ഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം തളിപ്പറമ്പ് നിയോജകമണ്ഡലത്തിലും മേൽ പരാമർശിച്ച രീതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതാണ്.

(ഡി) തളിപ്പറമ്പ് മണ്ഡലത്തിലെ ഉന്നതികളിലെ നിവാസികൾ അഭിമുഖീകരിക്കുന്ന യാത്രാപ്രശ്നം ഉൾപ്പെടെയുള്ള അടിസ്ഥാന വിഷയങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

അനുബന്ധം -1

തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ ഉന്നതികളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ

ക്രമ നം.	വർഷം	പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ	ഭരണാനുമതി തുക (രൂപ)	നിലവിലെ സ്ഥിതി
1	2022-23	മീൻപള്ളി നഗർ റോഡ് കോൺക്രീറ്റിംഗ്	7,23,500/-	സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്.
2	2022-23	നീരാംപൊയിൽ ചുറ്റുമതിൽ/പ്രൊട്ടക്ഷൻ വർക്ക് & കൾവർട്ട്	20,00,000/-	സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്.
3	2022-23	ചുറ്റുമുക്ക് നഗർ റോഡ് കോൺക്രീറ്റ്	10,00,000/-	സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്.
4	2022-23	തലവിൽ കരുവംപൊയിൽ റോഡ് കോൺക്രീറ്റ്	13,35,000/-	സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്.
5	2022-23	കരുവംപൊയിൽ നഗർ & വനവൽക്കരണം	6,00,000/-	സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്.
6	2022-23	18 ഗുണഭോക്താക്കളുടെ ഭവന നവീകരണം	42,00,000/-	സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്.

അനുബന്ധം -2

തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളുടെ വിശദാംശങ്ങൾ

ക്രമ നം.	പഞ്ചായത്ത്/മുൻസിപ്പാലിറ്റി	ഉന്നതി
1	കുറുമാത്തൂർ	അടുക്കം
2		ചെപ്പന്നൂർ
3		വണ്ണറപ്പാറ
4	പരിയാരം	ഏമ്പേറ്റ്
5		ആലത്തട്ട്
6		പുളിയൂൽ
7		എരഞ്ഞിയിൽ കുപ്പം
8		ചുള്ളി
9		മുക്കുന്ന്
10		പാറക്കടവ്
11		കുളങ്ങോട്
12		കണ്ണംചിറ
13		കുറ്റേരി
14		നെല്ലിപ്പറമ്പ്
15		മുടിക്കാനം
16	ആന്തൂർ മുനിസിപ്പാലിറ്റി	ഈലിപ്പുറം
17		വാണിയങ്കര
18		മുതുവാനി
19		ചേര

20		തലുവിൽ കുന്നുംപുറം
21		കുടയേരി കോട്ടം
22		മൂലായി
23		തലുവിൽ
24		തളിയിൽ
25		കടമ്പേരി
26		ബക്കളം
27		കമ്പിൽകടവ്
28		വെങ്കൽ പറമ്പ്
29		പറശ്ശിനി
30		ഉടുപ്പ-മൂലായി
31		മുണ്ടപ്രം
32		പ്ലാന്തോട്ടം
33		കണിച്ചേരി
34		കോടല്ലൂർ
35		നരിയാടി
36		മുതുവാനി എസ്.സി ഫ്ലാറ്റ്
37	തളിപ്പറമ്പ്	കുപ്പം
38		കുറ്റിക്കോൽ
39		കീഴാറ്റൂർ
40	ചപ്പാരപടവ്	വായാട്ടുപറമ്പ്
41		ചാണക്കുണ്ട്
42		വിളയാർകോട്

43		അതിര്കുന്ന്
44		മങ്കര
45		ആലത്തട്ട്
46		ആറാംവയൽ
47		വെള്ളരിക്കുഴി
48		ഒടുവള്ളി (ചങ്ങറ)
49	കുറ്റ്യാട്ടൂർ പഞ്ചായത്ത്	വെങ്ങാറമ്പ്
50		തരിയേരി
51		പള്ളിയത്ത്
52		കസ്തൂർഭ
53		ചാളമൂല
54		കാവന്നൂർ വെള്ളുവ
55		നാല് സെന്റ്
56		പൊന്തരമ്പ്
57		പത്താം മൈൽ
58		കുണ്ടത്തിൽ
59	മലപ്പട്ടം	വെങ്ങലേരി കൊളന്ത
60		വെള്ളരിച്ചാൽ
61		ചെപ്പനകൊഴുമ്മൽ ചൂളിയാട്
62		പടപ്പകരി
63	മയ്യിൽ	കോറളായി തുരുത്ത്
64		മുല്ലപ്പൊടി
65		നണിയൂർ നമ്പ്രം

66		കിളിയളം
67		നിരന്തോട്
68		പാലക്കുന്ന്